# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ധർമ്മടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.7/1885/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ധർമ്മടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.7/1885/23 തീയ്യതി: 23/12/2023

# കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.ശ്രീജ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പ്രമോദ്.കെ,ഓഡിറ്റർ

ശ്രീ.നിഖിൽ.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ.കെ.രവി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.പി.കെ.പ്രേമൻ | സെക്രട്ടറി | 01-04-2022 | 29-09-2022 |
| ശ്രീ.ബിന്റി ലക്ഷ്മൺ | സെക്രട്ടറി | 30-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ധന്യ.ഇ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.മൊയ്തു | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനശ്രീ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈജി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ധന്യ.എം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2022 | 23-05-2022 |
| ഡോ.ദിൽനാഥ് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 24-05-2022 | 31-03-2023 |
| ശ്രീമതി.ദേവികാ കൃഷ്ണൻ.വി.എം | കൃഷി ഓഫീസർ | 01-04-2022 | 26-09-2022 |
| ശ്രീമതി.ശ്രുതി ലക്ഷ്മി.പി ജി | കൃഷി ഓഫീസർ | 27-09-2022 | 31-10-2022 |
| ശ്രീമതി.അനഘ.കെ.പി | കൃഷി ഓഫീസർ | 01-11-2022 | 31-03-2023 |
| ഡോ.ശ്രീനേഷ്.എസ്.എസ്. | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.സരസൻ.ബി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 28-02-2023 |
| ശ്രീമതി.ഷബ്ന.കെ.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-03-2023 | 31-03-2023 |
| ശ്രീമതി.സരിത.കെ.വി. | അസി.ഫിഷറീഷ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ധന്യ.പി.എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ദീപ്തി.ഡി.സി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 16-12-2022 |
| ഡോ.സെബീന.കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 17-12-2022 | 21-03-2023 |
| ഡോ.ഷീന | മെഡിക്കൽ ഓഫീസർ | 22-03-2023 | 31-03-2023 |

| | | | |
|---|---|---|---|
| വിജയൻ.എൻ.പി. | (ആയുർവേദം) | | |
| ശ്രീ.പ്രേമൻ.വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ധർമ്മടം സർക്കിൾ ) | 01-04-2022 | 31-03-2023 |
| ശ്രീമതി.സോഫീയ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പാലയാട് സർക്കിൾ ) | 01-04-2022 | 01-11-2022 |
| ശ്രീ.വിൽഫ്രഡ് സാജൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പാലയാട് സർക്കിൾ) | 02-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | ചെലവ് തുക ബാധ്യതയായി രേഖപ്പെടുത്തി | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | പുതുക്കിയ ബജറ്റ് | 1-2-1 |
| 14 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS) | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 21 | ഗ്രാമ സഭ | 1-10 |
| 22 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 23 | വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ. | 1-12 |
| 24 | നികുതി ഒഴിവിന്റെ കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി. | 1-12-1 |
| 25 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു | 1-12-2 |

| | | |
|---|---|---|
| | നികുതിയിൽ നിന്നും ഒഴിവാക്കി. | |
| 26 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല-സാങ്കേതിക പിഴവ് ഐ കെ എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. | 1-12-3 |
| 27 | പാലയാട് സിഡ്കോ വ്യവസായ എസ്റ്റേറ്റ്-ലൈസൻസ് ഫീ -സ്പഷ്ടീകരണം സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. | 1-13 |
| 28 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ. | 1-14 |
| 29 | ധർമ്മടം ഐലൻഡ് കാർണിവൽ -ലൈസൻസ് എടുക്കാതെ അമ്യൂസ്മെന്റ് പാർക്ക്/റൈഡുകൾ പ്രവർത്തിപ്പിച്ചു. | 1-15 |
| 30 | തനതു വിഭവ സമാഹരണം-പൊതു അവലോകനം | 1-16 |
| 31 | മൽസ്യ തൊഴിലാളികളുടെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന മക്കൾക്ക് ലാപ്ടോപ്-മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-76032/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 32 | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ-₹209970 തടസ്സപ്പെടുത്തുന്നു. | 1-18 |
| 33 | നെൽകൃഷി വികസനം - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല-ചെലവ് തുക 264900/- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| 34 | വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 35 | വെറ്റിനറി ഡിസ്പെൻസറിക്കു പ്രിന്റർ വാങ്ങൽ.₹14686യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 36 | മിനി കോഴി വളർത്തൽ യൂണിറ്റ്-യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ സബ്സിഡി തുക അനുവദിച്ചു. ₹5000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-23 |
| 38 | വെറ്റിനറി സർജ്ജൻ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല ₹31000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 39 | പട്ടിക ജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് പോകുന്നതിന് ധനസഹായം-യഥാർത്ഥ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. ₹125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 40 | വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകം | 1-26 |
| 41 | മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ- അധികം അനുവദിച്ച ₹1598 തിരികെ ഈടാക്കേണ്ടതാണ് | 1-27 |
| 42 | കേരളോത്സവം-₹52,330യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |

| | | |
|---|---|---|
| 43 | പഞ്ചായത്തിലെ അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ-₹29990 തടസ്സപ്പെടുത്തുന്നു. | 1-29 |
| 44 | എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹900000 തടസ്സപ്പെടുത്തുന്നു. | 1-30 |
| 45 | സ്കൂളുകൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ-അപാകങ്ങൾ | 1-31 |
| 46 | സാന്ത്വന പരിചരണം-രേഖകളുടെ അഭാവത്തിൽ ₹298630യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-32 |
| 47 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഉപകേന്ദ്രങ്ങളെ ഹെൽത്ത് വെൽനസ് സെന്റർ ആയി ഉയർത്തൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. ₹59,200യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-33 |
| 48 | കണ്ണൂർ ഫൈറ്റ് ക്യാൻസർ-സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹93560 തടസ്സപ്പെടുത്തുന്നു. | 1-34 |
| 49 | സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-35 |
| 50 | പൊതു ടാപ്പുകൾ ഒഴിവാക്കൽ-പദ്ധതി നടത്തിപ്പിലെ അപാകം ₹397000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-36 |
| 51 | ലൈഫ് മിഷൻ- വായ്പ ഇനത്തിൽ അധികം തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു | 1-37 |
| 52 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. | 1-38 |
| 53 | തെരുവ് വിളക്കിന് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-39 |
| 54 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല | 1-40 |
| 55 | പൊതു മരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല | 1-41 |
| 56 | പൊതുശ്മശാനം -പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-42 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ധർമ്മടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30-6-2023 ലെ 151/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
23.12.2023.

## 1-1-1 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

## 1-1-2 ചെലവ് തുക ബാധ്യതയായി രേഖപ്പെടുത്തി

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജി.ഐ.എസ്. പദ്ധതി രൂപീകരണം, എന്യൂമറേറ്റർമാർക്കുള്ള പരിശീലനം, വിവരശേഖരണം എന്നിവയ്ക്കുള്ള ചെലവിനത്തിൽ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച ₹55730 യിൽ (RP-30, Other Items) 53,790/- രൂപ വൗച്ചർ നമ്പർ

22200550/07-09-22 പ്രകാരം എന്യൂമറേറ്റർമാർക്ക് അനുവദിക്കുകയും എന്യൂമറേറ്റർമാർക്കുള്ള ട്രെയിനിംഗിന് റിഫ്രെഷ്മെന്റ് ഇനത്തിൽ ചെലവായ ബാക്കി തുകയായ ₹1820 തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്(ചെക്ക് നം 43802614/06-09-22). ഇപ്രകാരം മുഴുവൻ തുകയും ചെലവായിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂളിൽ Other Items എന്ന ഇനത്തിൽ ₹1820 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

1. ദുരിതാശ്വാസ നിധി: ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹10883), ബി2 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹29383) പൊരുത്തപ്പെടുന്നില്ല.

2. MGNREGS: B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹459002) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹458131) പൊരുത്തപ്പെടുന്നില്ല.

3. CFC Grant: B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹8427453) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹8383184) പൊരുത്തപ്പെടുന്നില്ല.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹7819811 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3106128യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-7 ഡെപ്പോസിറ്റ് പ്രവൃത്തിക്കു നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി

പ്രൊജക്ട് നമ്പർ 248/23 പ്രകാരം പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിന് കണ്ണൂർ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റായി നൽകിയ തുകയുടെ (₹397000) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് ബി-18 ഷെഡ്യൂളിൽ ഇപ്ലിമെന്റിംഗ് ഏജൻസിക്ക് ഡെപ്പോസിറ്റ് നൽകിയതായി ഉൾപ്പെടുത്തേണ്ടതിനു പകരം റവന്യൂ ചെലവായി രേഖപ്പെടുത്തി.

## 1-1-8 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-10 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകം

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 18 ഷെഡ്യൂളിൽ Advance To Implementing Agencies Deposit With Kerala Elecrticity Board എന്ന ഇനത്തിൽ ₹15784യും Advance To Others എന്ന ഇനത്തിൽ ₹189575യും ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്ററിൽ ജി.ഒ. പ്രൊജക്ട് പ്രകാരം തിരിച്ചടച്ച മുഴവൻ തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ. പ്രൊജക്ട് പ്രകാരം അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയമായി അനുവദിച്ച തുകയുടെ വിവരം ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 ബജറ്റ്

ധർമ്മടം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 26-03-22ലെ 1/110/22-ാം നംമ്പർ യോഗതീരുമാന പ്രകാരം അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ സംക്ഷിപ്ത വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 2887967 |
| വരവ് | 257860000 |
| ആകെ | 260747967 |
| ചെലവ് | 257362000 |
| നീക്കിയിരിപ്പ് | 3385967 |

### 1-2-1 പുതുക്കിയ ബജറ്റ്

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | 11170455 |
| വരവ് | 235025095 |
| ആകെ വരവ് | 246195550 |
| ചെലവ് | 242282995 |
| നീക്കിയിരിപ്പ് | 3912555 |

07-03-23ലെ 1/73/2023 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു വിധത്തിലും പൊരുത്തപ്പെടാത്ത രീതിയിലുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 21907933 |
| വരവ് തുക | 57057039 |
| ആകെ | 78964972 |
| ചെലവ് തുക | 49237228 |
| നീക്കിയിരിപ്പ് | 29727744 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1598 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3134298 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 26367000 | 26367000 | 23248178 | 3118822 |
| വികസന ഫണ്ട് - എസ് സി പി | 0 | 1535000 | 1535000 | 1535000 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 2726700 | 2726700 | 1645852 | 1080848 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 0 | 5691000 | 5691000 | 3621914 | 2069086 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 6176000(ബാങ്ക്) 2494276(ട്രഷറി) | 8670276 | 4418002 (ബാങ്ക്) 1387658 (ട്രഷറി) | 1757998 (ബാങ്ക്) 1106618 (ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺ ടൈഡ് | 4526292 | 4351330(ബാങ്ക്) 81579 (ട്രഷറി) | 8959201 | 2252436 (ബാങ്ക്) 81579 (ട്രഷറി) | 6625186 (ബാങ്ക്) 0 (ട്രഷറി) |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 546897 | 1375000 | 1921897 | 428119 | 1493778 |
| ടോട്ടൽ സാനിറ്റേഷൻ | 112954 | 0 | 112954 | 112954 | 0 |
| സ്വഛ് ഭാരത് അഭിയാൻ | 0 | 297187 | 297187 | 297187 | 0 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 210939 | 210939 | 109497 | 101442 |
| ഹെൽത്ത് ഗ്രാന്റ് | 0 | 81142 | 81142 | 80000 | 1142 |
| എം പി ഫണ്ട് | 18464 | 542 | 19006 | 0 | 19006 |
| ഹെൽത്ത് മിഷൻ ഫണ്ട് | 13000 | 450000 | 463000 | 0 | 463000 |
| കുടിവെള്ള പ്രൊജക്ട് | 224177 | 0 | 224177 | 0 | 224177 |
| എംജിഎൻആർഇജിഎസ് | 13 | 14567077 | 14567090 | 14108959 | 458131 |
| സാക്ഷരത | 217 | 9 | 226 | 0 | 226 |

| | | | | | |
|---|---|---|---|---|---|
| സി എസ് ആർ ഫണ്ട് | 130000 | 700000 | 830000 | 0 | 830000 |
| ലൈഫ് മിഷൻ | 0 | 2400000 | 2400000 | 100000 | 2300000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 70 | 0 | 70 | 0 | 70 |
| അവാർഡ് | 0 | 300000 | 300000 | 0 | 300000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 223 | 113337283 | 161 | 47801650 | 54 | 62 | 48 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 45 | 29 | 24458169 | 7005074 | 29 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 480000 | 355652 | 74 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 63 | 36 | 27241565 | 9258082 | 34 |
| 4 | കൃഷി ഓഫീസർ | 10 | 9 | 1930300 | 1747217 | 90 |
| 5 | വി.ഇ.ഒ. ധർമ്മടം | 16 | 9 | 28317000 | 8969418 | 31.6 |
| 6 | വി.ഇ.ഒ. പാലയാട് | 18 | 15 | 7426130 | 2830945 | 38 |
| 7 | മെഡിക്കൽ ഓഫീസർ PHC | 14 | 12 | 5865591 | 3308687 | 56 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 186296 | 150000 | 81 |
| 9 | മെഡിക്കൽ ഓഫീസർ GHD | 2 | 1 | 460000 | 458416 | 99.6 |
| 10 | വെറ്റിനറി സർജ്ജൻ | 10 | 10 | 2865850 | 2411386 | 84 |
| 11 | ICDS സൂപ്പർവൈസർ | 14 | 13 | 6966648 | 5425437 | 78 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1100000 | 1000000 | 91 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 7 | 7 | 2765073 | 2615077 | 95 |
| 14 | ഹെഡ് മാസ്റ്റർ | 15 | 12 | 3274661 | 2266259 | 69 |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | 223 | 161 | 113337283 | 47801650 | 42 |

## 1-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13 | 701238 | 701251 | 243120 | 458131 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 13865839 | 13865839 | 13865839 | - |
| ആകെ | 13 | 14567077 | 14567090 | 14108959 | 458131 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 10,29,800 | 122 |
| വിധവാ പെൻഷൻ | 1,27,86,400 | 1213 |
| വാർദ്ധക്യകാല പെൻഷൻ | 3,19,33,000 | 3200 |
| ഭിന്നശേഷി പെൻഷൻ | 36,98,600 | 345 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 42,45,800 | 399 |
| വിവാഹ ധനസഹായം | 2,10,000 | 7 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2023 ന് 2.17 സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3557 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പ് വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച് കൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പ് വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

- ധർമടം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ എന്നിവയും ശരിയായ രീതിയിൽ സൂക്ഷിച്ച് വരുന്നുണ്ട്. എല്ലാ മാസവും ഓഫീസ് യോഗം ചേരുകയും പ്രവർത്തന പരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് പരമാവധി കൈവരിച്ചിട്ടുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി 2022-23ൽ 7 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും

വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നടത്തിയ വാങ്ങലുകൾക്ക് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശരേഖ 2021ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമായ രീതിയിലാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമ സഭ

1. ധർമ്മടം ഗ്രാമപഞ്ചായത്തിൽ ആകെ 18 വാർഡുകൾ ഉണ്ട്. 2022-23 വർഷത്തെ ഗ്രാമസഭ മിനുട്സ് പ്രകാരം, വർഷത്തിൽ 4 തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട്. 05/22, 08/22, 09/22, 01/23 എന്നീ മാസങ്ങളിൽ ആണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3 പ്രകാരം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരണമെന്നത് പാലിച്ചിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. 2022-23 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, മാലിന്യമുക്ത കേരളം, 2023-24 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ, ഓഡിറ്റ് റിപ്പോർട്ട് ഉടങ്ങിയവ ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൃഷി സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്സ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപവത്കരണത്തിന് മുന്നോടിയായി തയ്യാറാക്കേണ്ടുന്ന അവസ്ഥാരേഖ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വികസന സെമിനാർ നടത്തുകയും വികസന രേഖ, അന്തിമ പദ്ധതി രേഖ എന്നിവ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 2 തവണ ചേർന്നിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം നടത്തേണ്ടതും പദ്ധതി നിർവ്വഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവ്വഹണം പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്, നിർവ്വഹണം കഴിഞ്ഞ പ്രോജക്ടുകൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിലെ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. അസി.എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവരുടെ പ്രൊജക്ടുകൾ കുറ്റമറ്റ രീതിയിൽ മോണിറ്ററിംഗ് നടത്തേണ്ടതായുണ്ട് (ഖണ്ഡിക 1-19 കാണുക).

## 1-12 വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ.

വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ, അസ്സസ്സ്മെന്റ് രജിസ്റ്റർ ഉടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-12-1 നികുതി ഒഴിവിന്റെ കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | രേഖപ്പെടുത്തിയ ഗണം | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|---|
| 1 | 18/259 | എം കെ ദാമു | 40 (താഴത്തെ നില), | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട | രേഖപ്പെടുത്തി യിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | കെട്ടിടങ്ങൾ | |
| 2 | 17/520 | സൈറ ബാനു മുതൽ 5 പേർ | 17.92 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തി യിട്ടില്ല |
| 3 | 14/505 | പലേരി രാധ | 23.4 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തി യിട്ടില്ല |
| 4 | 3/147 | വാഴവളപ്പിൽ സുനന്ദ | 25 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തി യിട്ടില്ല |
| 5 | 4/385 | ഉച്ചുമ്മൽ കോരൻ | 25 (താഴത്തെ നില) | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ | രേഖപ്പെടുത്തി യിട്ടില്ല |

മേൽ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.20/07.12.23) മേൽ കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന സമയത്ത് തറവിസ്തീർണ്ണത്തിൽ മാറ്റം ഉണ്ടെന്ന് രേഖപ്പെടുത്തിയാൽ മാത്രമേ നികുതി രൂപപ്പെടുകയുള്ളൂവെന്നും ടി കെട്ടിടങ്ങൾ ഉത്തരവ് നമ്പർ 144/2015 പ്രകാരം 60 ചതുരശ്ര മീറ്ററിൽ കുറവുള്ളവയാണെന്നുമുള്ള മറുപടി അറിയിച്ചു. സ.ഉ(എം.എസ്)നം.144/2015/LSGD ഉത്തരവ് പ്രകാരം 60 ചതുരശ്ര മീറ്ററിൽ കുറവുള്ള വാസഗൃഹങ്ങളെയാണ് നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മേൽ കെട്ടിങ്ങളുടെ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും നികുതി ബാധകമാണെന്ന് കണ്ടെത്തിയാൽ സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് നികുതി പുനർനിർണ്ണയം ചെയ്യേണ്ടതും പിഴപ്പലിശ സഹിതം വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-12-2 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 15/412 | 70.5 (താഴത്തെ നില) | വടുവത്തിരിയൻ അമ്മിണി | രേഖപ്പെടുത്തി യിട്ടില്ല |
| 2 | 15/418 | 64.79 (താഴത്തെ നില) | പി.പി. പത്മനാഭൻ | രേഖപ്പെടുത്തി യിട്ടില്ല |
| 3 | 10/39 | 85.28 (താഴത്തെ നില) | തോട്ടത്തിൽ ജിഷ | രേഖപ്പെടുത്തി യിട്ടില്ല |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.20/07.12.23) മേൽ കെട്ടിടങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്ന സമയത്ത് തറവിസ്തീർണ്ണത്തിൽ മാറ്റം ഉണ്ടെന്ന് രേഖപ്പെടുത്തിയാൽ മാത്രമേ നികുതി രൂപപ്പെടുകയുള്ളൂവെന്നുമുള്ള മറുപടിയാണ് നൽകിയത്. മേൽ കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും നികുതി ബാധകമാണെന്ന് കണ്ടെത്തിയാൽ സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് വസ്തു നികുതി പുനർനിർണ്ണയം ചെയ്യേണ്ടതും പിഴപ്പലിശ സഹിതം വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-12-3 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല-സാങ്കേതിക പിഴവ് ഐ കെ

എം.ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് (2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സാർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/<br>കെട്ടിട നമ്പർ | തറ വിസ്തീർണ്ണം<br>(ചതുരശ്ര മീറ്ററിൽ.) |
|---|---|---|
| രഗീഷ് മാണിയത്ത് പുത്തിലോംകുന്നത്ത് | 17/264 A, B, C, D, E, F, G, H, J, K, L,M,N,P | 434.26 |

തറ നിർമ്മിതിക്ക് ഉപയോഗിച്ചത് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ തുടങ്ങി ഉയർന്ന മൂല്യമുള്ള സാധനങ്ങൾ എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നിരിക്കെ വർധനവ് വരുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.19/07.12.23) സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയിക്കുകയാണെന്നും ആയത് പ്രകാരമുള്ള നികുതി ഈടാക്കിയതാണെന്നുമുള്ള മറുപടി അറിയിച്ചു. 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തേണ്ടതുമാണ്. ടി സൗകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പാലയാട് സിഡ്കോ വ്യവസായ എസ്റ്റേറ്റ്-ലൈസൻസ് ഫീ -സ്പഷ്ടീകരണം സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

ധർമ്മടം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാലയാട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 26 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ-6/05.12.23) വ്യവസായ വകുപ്പിൽ നിന്നുള്ള അനുമതി ഉള്ളതിനാൽ 1996ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 12 (7) (ബി) സെക്ഷൻ 233 B(I) പ്രകാരം ലൈസൻസ് അനുവദിച്ചിട്ടില്ലായെന്ന മറുപടി നൽകി. ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീ ഇനത്തിൽ ഭാരിച്ച നഷ്ടം ഇത് മുഖേന ഉണ്ടാകുന്നതിനാൽ 31.03.2022ലെ 126/22 തീരുമാന പ്രകാരം സർക്കാരിനോട് സ്പഷ്ടീകരണം ലഭ്യമാക്കാൻ തീരുമാനിച്ചിരുന്നു. സർക്കാരിൽ നിന്നും നാളിതുവരെ സ്പഷ്ടീകരണം ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചു. സ്പഷ്ടീകരണം ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കുന്ന തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് സെക്ഷൻ 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 16, 17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത്

പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

2022-23 സാമ്പത്തിക വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത/പുതുക്കിയ സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/05.12.23) മറുപടി നൽകിയിട്ടുണ്ട്. ആയത് പരിഗണിച്ച ശേഷം തൊഴിൽ നികുതി അടയ്ക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിലെ ക്രമ.നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ജോലിക്കാരുടെ എണ്ണം (അപേക്ഷയിൽ രേഖപ്പെടുത്തിയത് ) |
|---|---|---|---|
| 25 | 17/140 | ദിനേശ് | 14 |
| 24 | 4/491A | ദിനേശ് ഷോപ്പി | 3 |

മേൽ സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള അറിയിപ്പ് സ്ഥാപന മേധാവികൾക്ക് നൽകിയിട്ടുണ്ടെന്ന വിവരം അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2. പാലയാട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പാലയാട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന മോസോൺ ഇൻഡസ്ട്രീസ്, മോസോൺ എക്സ്ട്രാക്ഷൻസ് എന്നീ സ്ഥാപനങ്ങൾ ഒഴികെയുള്ള 24 ചെറുകിട വ്യവസായ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സ്ഥാപന ഉടമകൾക്ക് നൽകിയ ഡിമാൻഡ് നോട്ടീസും സ്ഥാപന ഉടമ സമർപ്പിച്ച റിട്ടേണുകളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 7/5.12.23) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന മാരുതി ഇൻഡസ്ട്രീസ്, ജെമിനി പ്ലാസ്റ്റിക്സ്, മോഡേൺ സ്റ്റീൽ ഇൻഡസ്ട്രീസ് തുടങ്ങിയ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ഹാജരാക്കി. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും പഞ്ചായത്തിനുണ്ടാകുന്ന വരുമാനനഷ്ടം ഒഴിവാക്കേണ്ടതുമാണ്.

3. തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ ചട്ടം 16, 17 പ്രകാരം സൂക്ഷിക്കേണ്ടുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലേയും ഈടാക്കിയതിലേയും കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഡാറ്റാബേസ് തയ്യാറാക്കേണ്ടതും നികുതി ശോഷണം ഒഴിവാക്കേണ്ടതുമാണ്.

## 1-15 ധർമ്മടം ഐലൻഡ് കാർണിവൽ -ലൈസൻസ് എടുക്കാതെ അമ്യൂസ്മെന്റ് പാർക്ക്/റൈഡുകൾ പ്രവർത്തിപ്പിച്ചു.

2022 ഡിസംബർ മാസം 23 മുതൽ 10 ദിവസം ധർമ്മടം ബീച്ചിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ഐലന്റ് കാർണിവലിൽ വിവിധങ്ങളായ പരിപാടികൾ, അമ്യൂസ്മെന്റ് റൈഡുകൾ തുടങ്ങിയവ വൻ ജനപങ്കാളിത്തത്തോടു കൂടി അരങ്ങേറിയിട്ടുള്ളതാണ്. കേരളത്തിൽ പൊതു സങ്കേതങ്ങളിൽ നടക്കുന്ന വിനോദ പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച് പരിശോധനകളും ലൈസൻസ് അനുവദിക്കലും 1963 ലെ പൊതു സങ്കേത നിയമത്തിന് അനുസൃതമായിട്ടാണ് നടന്നു വരുന്നത്. ഉത്സവങ്ങൾ/മേളകൾ എന്നിവയോട് അനുബന്ധിച്ചും അമ്യൂസ്മെന്റ് പാർക്ക്/തീം പാർക്ക് എന്നിവയിലും താൽക്കാലികമായോ സ്ഥിരമായോ അമ്യൂസ്മെന്റ് റൈഡുകൾ സ്ഥാപിച്ച

നടത്തുന്ന വിനോദ പരിപാടികൾക്ക് 20.08.2020ലെ സ.ഉ(സാധാ)നം.1559/2020/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്. മേളകളിൽ ഇതിന്റെ ഭാഗമായി നടന്ന അമ്യൂസ്മെന്റ് റൈഡുകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് എടുത്തിരുന്നോ എന്ന് അറിയിക്കാനും ആയതിന്റെ അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 28/07.12.23) ഫൈലൻന്റ് കാർണിവലുമായി ബന്ധപ്പെട്ട അമ്യൂസ്മെന്റ് പാർക്ക്/റൈഡ് എന്നിവ നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച് അപേക്ഷകളൊന്നും ലഭ്യമായിട്ടില്ലായെന്നും ഗ്രാമപഞ്ചായത്ത് വക സ്ഥലത്തല്ല പരിപാടി നടന്നതെന്നുമുള്ള മറുപടിയാണ് നൽകിയത്. സ.ഉ(സാധാ)നം.1559/2020/തസ്വഭവ, തീയതി 20.08.2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന വിനോദ പരിപാടികൾക്ക് അനുമതി നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. അമ്യൂസ്മെന്റ് റൈഡുകൾ സ്ഥാപിക്കുന്നത് മുതൽ അത് പ്രവർത്തിപ്പിച്ച് വിനോദ പരിപാടികൾ നടത്തുന്നത് വരെയുള്ള എല്ലാ തലങ്ങളിലും അതിന്റെ സുരക്ഷ ഉറപ്പ് വരുത്തേണ്ടതുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഇത്തരത്തിലുള്ള അമ്യൂസ്മെന്റ് റൈഡുകൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പായി മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലും സിവിൽ എഞ്ചിനീയറിങ്ങിലും വൈദഗ്ധ്യമുള്ളവരുടെ പരിശോധനകൾ ആവശ്യമാണ്. സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾക്ക് അനുസരിച്ച് ലൈസൻസ് നടപടിക്രമങ്ങൾ സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിന് ഈയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. എല്ലാ ദിവസവും അമ്യൂസ്മെന്റ് റൈഡ് ആരംഭിക്കുന്നതിന് മുമ്പായി സാങ്കേതിക വിദഗ്ധർ എല്ലാ അമ്യൂസ്മെന്റ് ഉപകരണങ്ങളും സുരക്ഷിതാവസ്ഥയിലാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

ലൈസൻസ് ഇല്ലാതെ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ സുരക്ഷാ സംബന്ധമായ വീഴ്ചകൾ ഉണ്ടാകാനിടയുണ്ട്. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

## 1-16 തനതു വിഭവ സമാഹരണം-പൊതു അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിലുള്ള തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തു നികുതി:

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ധർമ്മടം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 23-08-2023 തീയതിയിലെ 187/2023 നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ വിജ്ഞാപനപ്രകാരമാണ് വസ്തു നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(എൻക്വയറി നം.5/05.12.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ തുറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 9 ബി ഫോറത്തിൽ ലഭിച്ച അപേക്ഷകളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ ഊരാളുങ്കൽ സൊസൈറ്റി മുഖേന നടത്തിയ സർവ്വേ പ്രകാരം ലഭിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരികയാണ് എന്നും അറിയിച്ചിട്ടുണ്ട്.

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമാണ്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തുനികുതി - സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധർമ്മടം ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9 ബി ഫോറത്തിൽ 738 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ

പ്രകാരം യു എ നമ്പർ നൽകി വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകും. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽ നികുതി:

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പു വരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ

കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 1-17 മൽസ്യ തൊഴിലാളികളുടെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന മക്കൾക്ക് ലാപ്ടോപ്-മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല-76032/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, |
| പ്രൊജക്റ്റ് നമ്പർ, പേര് | 125/23 മൽസ്യ തൊഴിലാളികളുടെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന മക്കൾക്ക് ലാപ്ടോപ്. |
| അടങ്കൽ | ₹266112 (വികസന ഫണ്ട് ) |
| ചെലവ് | ₹266112 (വികസന ഫണ്ട് |
| ബിൽ നം./ തീയതി/തുക | 22220352014800797731/21.11.2022/₹190080.<br>22220352014800817469/25.11.2022/₹76032. |

മേൽ പ്രൊജക്റ്റ് പ്രകാരം മൽസ്യ തൊഴിലാളികളുടെ ഉന്നത വിദ്യാഭ്യാസം നടത്തുന്ന മക്കൾക്ക് ലാപ്ടോപ് നൽകുന്നതിനായി ₹266112 ചെലവഴിച്ച് കെൽട്രോണിൽ നിന്ന് 7 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കെൽട്രോണിൽ നിന്ന് ₹266112 ചെലവഴിച്ച് 7 ലാപ് ടോപ്പുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട Tax Invoice ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള അശ്വിൻ.കെ എന്ന വിദ്യാർത്ഥി ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള ഫാത്തിമത്തുൽ സഫ എന്ന വിദ്യാർത്ഥി ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.50/2022-23/13.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അശ്വിൻ.കെ, ഫാത്തിമത്തുൽ സഫ എന്നിവർക്ക് അനുവദിച്ച ലാപ്ടോപ്പുകളുടെ വിലയായ ₹76032യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ-₹209970 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, |
| പ്രൊജക്റ്റ് നമ്പർ ,പേര് | 126/23 മൽസ്യവിൽപ്പനക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും. |
| അടങ്കൽ ₹320000 | ₹160000 (വികസന ഫണ്ട് )<br>₹160000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹320000 | ₹160000 (വികസന ഫണ്ട് )<br>₹160000 (ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| ബിൽ നം./ചെക്ക് നം./ വൗച്ചർ നം./തീയതി/ഉക | (1) 2222035201480096202 8/27.12.2022/₹1884.<br>(2) 2222035201480096202 1/27.12.2022/₹38116.<br>(3) 2222035201480054012/24.12.2022/₹3768.<br>(4) 2222035201480095400 4/24.12.2022/₹76232.<br>(5) 2222035201480108340 1/24.1.2023/₹40000.<br>(6) 22200848/31.12.2022/₹120000.<br>(7)02044025/31.1.2023/₹444655<br>(ഉൾപ്പെട്ട 40000). |

മേൽ പ്രൊജക്ട് പ്രകാരം മത്സ്യ വിൽപ്പനയ്ക്കായി GRAND MOTORS ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ₹76232 വില വരുന്ന ഇരുചക്ര വാഹനവും മത്സ്യഫെഡിൽ നിന്ന് ₹3768യുടെ ഐസ് ബോക്സും വാങ്ങി (ആകെ ₹80000) 4 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് (ആകെ 4X80000=₹3,20,000). ആയതിന് ഓരോ ഗുണഭോക്താവിനും 50% സബ്സിഡി (₹40000) ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾ സ്ഥാപനത്തിൽ അടവാക്കിയിട്ടുള്ളതാണ്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
(എ) പ്രൊജക്ട് പ്രകാരം സബ്സിഡി ആനുകൂല്യം അനുവദിച്ച അൻഷാദ്.വി, പ്രദീപൻ.വി.കെ, പ്രദീഷ്.ടി.കെ എന്നിവർ, ഓഡിറ്റിന് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) ഇരുചക്ര വാഹനങ്ങൾ നിലവിൽ പ്രവർത്തനസജ്ജമാണ്. ആയത് അവരുടെ ജോലിക്കായി ഉപയോഗിക്കുന്നു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2. ഉൾനാടൻ മൽസ്യതൊഴിലാളികൾക്ക് മത്സ്യബന്ധന വള്ളവും,വലയും.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, |
| പ്രൊജക്ട് നമ്പർ ,പേര് | 123/23 ഉൾനാടൻ മത്സ്യ തൊഴിലാളികൾക്ക് മത്സ്യ ബന്ധന വള്ളവും,വലയും. |
| അടങ്കൽ ₹599800 | ₹449850 (വികസന ഫണ്ട് )<br>₹149950 (മറ്റുള്ളവ) |
| ചെലവ് ₹599800 | ₹449850 (വികസന ഫണ്ട് )<br>₹149950 (മറ്റുള്ളവ) |
| ബിൽ നം./ചെക്ക് നം./വൗച്ചർ നം./ തീയതി/ഉക | (1) 2222035201480117250 1/10.2.2023/₹399800.<br>(2) 2222035201480138407 2/17.3.2023/₹50050.<br>(3) 02044025/31.1.2023/₹444655(ഉൾപ്പെട്ട 134955).<br>(4) 22201156/23.3.2023/₹59995(ഉൾപ്പെട്ട 14995) |

1. മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള രൂപേഷ്.എൻ.വി,രാജേഷ്.എ. എന്നിവർ, ഓഡിറ്റിന് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
2. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.49/2022-23/13.12.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അൻഷാദ്.വി, പ്രദീപൻ.വി.കെ, പ്രദീഷ്.ടി.കെ എന്നിവർക്ക് സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുള്ള 1,20,000/- രൂപയും, രൂപേഷ്.എൻ.വി, രാജേഷ്.എ. എന്നിവർക്ക് സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുള്ള 89,970/- രൂപയും ഉൾപ്പെടെ 2,09,970/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്/അംഗീകാരവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 നെൽകൃഷി വികസനം - പ്രൊജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല-ചെലവ് തുക 264900/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം/പേര് | 146/23<br>നെൽകൃഷി വികസനം |

| | |
|---|---|
| അടങ്കൽ തുക ₹264900 | ₹171400 (വികസന ഫണ്ട്)<br>₹93500 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ്, വൗച്ചർ നമ്പർ, തീയതി,തുക | 22220352008000986301 31-12-22 ₹121000<br>22220352008000986293 31-12-22 ₹50400<br>22220352008000986326 31-12-22 ₹93500<br>ആകെ ചെലവ് തുക ₹264900 |

ധർമ്മടം ഗ്രാമപഞ്ചായത്തിലെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 11 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വികസിപ്പിക്കുന്നതിനായി വിത്തു വിതരണം, കൂലിചെലവ് സബ്സിഡി നൽകുക എന്നതാണ് പ്രൊജക്റ്റ് ലക്ഷ്യം.

ആയത് പ്രകാരം72 ഗുണഭോക്താക്കൾക്കായി ഗുണമേന്മ കൂടിയ ജയ നെൽവിത്ത്, കൂലിചെലവ് എന്നിവ നൽകിയിട്ടുണ്ട്. ഹാജരാക്കിയ അപേക്ഷകൾ കൃത്യമായി പൂരിപ്പിക്കുകയോ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച വിധം മാർക്ക് നൽകി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. നല്ല രീതിയിൽ കൃഷി പുരോഗമിച്ചിട്ടുണ്ടോ, പ്രൊജക്റ്റിൽ വിഭാവന ചെയ്ത വിധം ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്താൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

നെൽവിത്തിന്റെ ഗുണമേന്മ, വയലിൽ കൃഷി ചെയ്തിട്ടുണ്ടോ എന്ന് അറിയാൻ ഫീൽഡ് സന്ദർശനം എന്നിങ്ങനെ 2 ഘട്ടങ്ങളിലായി മോണിറ്ററിംഗ് നടത്താനാണ് പ്രൊജക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. ആയതു പ്രകാരം മോണിറ്ററിംഗ് നടത്തിയതായി രേഖകളില്ല. കൃഷി വർക്കിംഗ് ഗ്രൂപ്പ് ചേർന്നത് സംബന്ധിച്ച മിനുട്സും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2022-23 വർഷത്തെ നെൽകൃഷി ഉത്പാദനം സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (35/10-12-23)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ആകെ ചെലവ് തുക ₹2,64,900 തടസ്സപ്പെടുത്തുന്നു. 2022-23 വർഷത്തെ നെൽകൃഷി ഉത്പാദനം സംബന്ധിച്ച വിശദമായ റിപ്പോർട്ടും മറുപടിയും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (ആർ.ടി) 259/2010 തസ്വഭവ 08.11.2010 ഖ. 2-സി. സമാഹരണ നടപടിക്രമങ്ങളിൽ ക്രമ നമ്പർ 2 ൽ വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാന പ്രകാരമല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങലുകൾ നടത്താൻ പാടുള്ളതല്ല. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുവടെ കൊടുക്കുന്ന പ്രോജക്റ്റുകൾ പ്രകാരം നടത്തിയ വാങ്ങലുകൾക്ക് ആവശ്യകതാ നിർണ്ണയം നടത്തുകയോ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രൊജക്റ്റ് നമ്പർ / പേര് | 42/23 ആയുർവ്വേദ ഡിസ്പെൻസറിക്ക് വാട്ടർ പ്യൂരിഫയർ |
| അടങ്കൽ | ₹60000<br>(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹58416<br>(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തീയതി/തുക | 113/17.11.2022, ₹58416 (ACR പ്രകാരം) |

മേൽ ബിൽ പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ₹58,416 നൽകിയിട്ടുണ്ട്. വാങ്ങൽ നടപടികൾ സംബന്ധിച്ച ക്വട്ടേഷൻ/ടെണ്ടർ രേഖകൾ ഹാജരാക്കുന്നതിനും പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 23/07.12.23) സർക്കാരിന്റെ കീഴിലുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് നേരിട്ട്

വാങ്ങിയതിനാൽ പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടില്ലായെന്നും വേറെ ക്വട്ടേഷനുകൾ സ്വീകരിച്ചിട്ടില്ലായെന്നും മറുപടി നൽകി. സെക്രട്ടറി, ഹെഡ്മാസ്റ്റർ, എന്നിവർ നിർവ്വഹിച്ച (യഥാക്രമം 20/23,26/23 നമ്പർ പ്രൊജക്റ്റ്) പ്രൊജക്ടുകളിൽ GEM മുഖേന ആർ ജെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. ആവശ്യകതാ നിർണ്ണയം നടത്താതെയും വെവ്വേറെ വാങ്ങലുകൾ നടത്തിയതും ക്രമപ്രകാരമല്ല.

2.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം/പേര് | 232/23<br>കൃഷി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും ലാപ്ടോപ്പും വാങ്ങൽ |
| അടങ്കൽ തുക | ₹100000 (വികസന ഫണ്ട്) |
| ചെലവ്, വൗച്ചർ നമ്പർ, തീയതി, തുക | 22220352008001517498<br>28-03-23 ₹97788 |

ധർമ്മടം ഗ്രാമപഞ്ചായത്ത് കൃഷി ഭവനിൽ 1 കമ്പ്യൂട്ടറും 1 ലാപ്ടോപ്പും വാങ്ങാൻ ഉദ്ദേശിച്ച കൊണ്ടുള്ള പ്രൊജക്ടാണിത്. ജെം മുഖാന്തിരം Acer 82,854/- (41427*2) രൂപയുടെ 2 ലാപ് ടോപ്പുകളാണ് വാങ്ങിയിരിക്കുന്നത്. ആയത് സംബന്ധിച്ച് ഫയൽ പരിശോധനയിൽ ലാപ്ടോപ് സംബന്ധിച്ച ആവശ്യകത നിർണ്ണയിച്ച രേഖകൾ ലഭ്യമായിട്ടില്ല. കൂടാതെ പ്രൊക്യൂർമെന്റ് കമ്മിറ്റി, മേൽ പർച്ചേസ് സംബന്ധിച്ച തീരുമാനം സ്വീകരിച്ചിട്ടുമില്ല എന്ന് ആയത് സംബന്ധിച്ച മിനുട്സ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെയും പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമാക്കാതെയുമുള്ള പർച്ചേസുകൾ നടത്താനുണ്ടായ കാരണം അറിയിക്കാനായി നൽകിയ 34/10-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ സർക്കാർ ഉത്തരവ് പാലിച്ച്, പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വെറ്റിനറി ഡിസ്പെൻസറിക്ക പ്രിന്റർ വാങ്ങൽ.₹14686യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ. |
| പ്രൊജക്റ്റ് നമ്പർ,പേര് | 231/23, വെറ്റിനറി ഡിസ്പെൻസറിക്ക് പ്രിന്റർ വാങ്ങൽ. (സ്പിൽ ഓവർ) |
| അടങ്കൽ | ₹20000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹14686 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം./തീയതി/ തുക | (1) 22220352013200376242/2.8.2022/₹14686. |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിൽ ഉൾപ്പെട്ട 14,686/- രൂപ ചെലവഴിച്ച് 26.2.2022-ലെ TAX INVOICE No-ES/21-22/791 പ്രകാരം EMERGING SOLUTION HARIYANA എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ പ്രിന്ററിന്റെ ഇൻസ്റ്റാലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/2022-23/8.12.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ രേഖകളുടെ അഭാവത്തിൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 14,686/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 മിനി കോഴി വളർത്തൽ യൂണിറ്റ്-യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ സബ്സിഡി തുക അനുവദിച്ചു. ₹5000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്റ്റ് നമ്പർ,പേര് | 133/23 മിനി കോഴി വളർത്തൽ യൂണിറ്റ്. |
| അടങ്കൽ ₹325000 | ₹162500 (വികസന ഫണ്ട്)<br>₹162500 (ഗുണഭോക്തൃ വിഹിതം) |

| | |
|---|---|
| ചെലവ് ₹130000 | ₹65000 (വികസന ഫണ്ട് )<br>₹65000 (ഗുണഭോക്തൃ വിഹിതം)<br>(നേരിട്ടു ചെലവഴിച്ചത്) |
| ബിൽ നം./തീയതി/തുക | 22220352013201246697/25.2.2023/₹65000. |

45 മുതൽ 60 ദിവസം വരെ പ്രായമായ 25 മുട്ടക്കോഴി കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. 25 മുട്ടക്കോഴികളെ സുരക്ഷിതമായി വളർത്താനുള്ള കൂട് ഗുണഭോക്താക്കൾ ഒരുക്കണമെന്ന നിബന്ധനയോടെ ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾ എന്ന കണക്കിൽ 40 ഗുണഭോക്താക്കൾക്കായി 1000 കോഴിക്കുഞ്ഞുങ്ങളെ Saju Egger Nurseryയിൽ നിന്നും ഒന്നിന് ₹130 നിരക്കിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് പ്രകാരം 50% സബ്സിഡി നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലാതല വിദഗ്ധ സമിതിയുടെ 23.06.2022ലെ യോഗ തീരുമാനം പ്രകാരം ഒരു കോഴിക്കുഞ്ഞിന് യൂണിറ്റ് കോസ്റ്റ് ₹120യാണ്. അപ്രകാരം 50% സബ്സിഡി നിരക്കിൽ ഒരു കോഴിക്കുഞ്ഞിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ₹60യാണ്. എന്നാൽ ഒരു കോഴിക്കുഞ്ഞിന് ₹65 യാണ് പ്രൊജക്ട് പ്രകാരം സബ്സിഡിയായി ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം 1000 കോഴിക്കുഞ്ഞുങ്ങൾക്കായി ₹5000 അധികം അനുവദിച്ചിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച നൽകിയ 30/08.12.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. യൂണിറ്റ് കോസ്റ്റ് പരിഗണിക്കാതെ അധികമായി അനുവദിച്ച ₹5000യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ, പേര് | 119/23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹800000 | ₹400000 (വികസന ഫണ്ട് )<br>₹400000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ചെലവ് ₹800000. | ₹400000 (വികസന ഫണ്ട്)<br>₹400000 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |
| ബിൽ നം./തീയതി/തുക | 22220352013200987151/01.01.2023/₹400000. |

തെരഞ്ഞെടുത്ത 4-6 മാസം പ്രായമുള്ള 32 കന്നുകുട്ടികൾക്ക് 25,000/- രൂപയുടെ കാലിത്തീറ്റ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണത്തിനായി ₹4,00,000 (32x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള 719011400000003 എന്ന ട്രഷറി അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

(എ) പദ്ധതിയുടെ പുരോഗതി വിവരം, കന്നുകുട്ടികൾ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

(ബി) മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്റർ, കന്നുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങൾ, കാലിത്തീറ്റ വിതരണ രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

(സി) മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള ജയമണി.കെ.വി, പ്രകാശൻ.കെ.വി, നിഷ.എം. എന്നിവരുടെ അപേക്ഷ, റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയും, സുരജ.കെ.വി.യുടെ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

(ഡി) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31/2022-23/8.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്

ഒരു തുടർ പദ്ധതി ആയതിനാൽ പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും മറ്റ് രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല ₹31000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ. |
| പ്രൊജക്റ്റ് നമ്പർ ,പേര് | 129/23, ആടുവളർത്തൽ |
| അടങ്കൽ ₹160000 | ₹80000 (വികസന ഫണ്ട് )<br>₹80000 (മറ്റുള്ളവ) |
| ചെലവ് ₹ 112000. | ₹56000 (വികസന ഫണ്ട് )<br>₹56000 (മറ്റുള്ളവ) |
| ബിൽ നം./വൗച്ചർ നം./തീയതി/തുക | (1) 22220352013201341375/14.3.2023/₹16000.<br>(2) 22201115/14.3.2023/₹16000.<br>(3) 22220352013201141623/1.2.2023/₹40000.<br>(4) 22200994/8.2.2023/₹40000. |

ആട് വളർത്തൽ വഴി 10 കർഷകർക്ക് സ്വയംതൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ ഒരു കർഷകന് 8,000/- രൂപ വിലയുള്ള രണ്ട് പെണ്ണാടുകളെ വീതം 50 ശതമാനം സബ്സിഡി നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള രോഹിണി.സി.വി., സുനിൽകുമാർ.എം.കെ. എന്നിവരുടെ വരുമാനം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ. |
| പ്രൊജക്റ്റ് നമ്പർ ,പേര് | 130/23, മാംസോത്പാദനത്തിന് പോത്തുകുട്ടി വളർത്തൽ. |
| അടങ്കൽ ₹225000. | ₹112500 (വികസന ഫണ്ട് )<br>₹112500 (മറ്റുള്ളവ) |
| ചെലവ് ₹225000. | ₹112500 (വികസന ഫണ്ട് )<br>₹112500 (മറ്റുള്ളവ) |
| ബിൽ നം./വൗച്ചർ നം./തീയതി/തുക | (1) 22220352013201507900/27.3.2023/₹112500.<br>(2) 22201196/25.3.2023/₹112500. |

മാംസോത്പാദനത്തിന് 15 ഗുണഭോക്താക്കൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ 6-8 മാസം പ്രായമുള്ള ₹15,000 രൂപ വിലയുള്ള പോത്തുകുട്ടികളെ ഗുണഭോക്തൃ വിഹിതം ₹7,500 സ്ഥാപനത്തിൽ അടച്ചതിന് ശേഷം അനുവദിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം അനുവദിച്ചിട്ടുള്ള ശശീന്ദ്രൻ.എൻ, ഷിജു.സി.എം. എന്നിവരുടെ പേര്, ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/2022-23/8.12.2023) മറുപടി/രേഖകൾ ലഭ്യമാക്കാത്തതിനാൽ മേൽ പദ്ധതികളുടെ ഭാഗമായി ചെലവഴിച്ച (16000+15000) ₹31,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പട്ടിക ജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് പോകുന്നതിന് ധനസഹായം-യഥാർത്ഥ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. ₹125000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റിന്റെ നമ്പർ/പേര് | 212/23 പട്ടിക ജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് പോകുന്നതിന് ധനസഹായം |
| അടങ്കൽ | ₹125000 വികസനഫണ്ട്- എസ് സി പി |
| ചെലവ് | ₹125000 ബിൽ നമ്പർ : 110/9-11-22 |

പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിലിനു പോകുന്നതിന് ധനസഹായം അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്റ്റ് നടപ്പാക്കിയിട്ടുള്ളത്. ശ്രീ.സൗരാഗ് സി.പി. എന്ന ഗുണഭോക്താവിന് വിദേശത്ത് (റിയാദ്, സൗദി അറേബ്യ) തൊഴിലിനായി പോയതിന് ₹125000 നൽകിയിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28-05-2022 ഖണ്ഡിക 7.2(3) പ്രകാരം പട്ടിക വർഗ്ഗം- പട്ടികജാതി യുവതികൾക്കും യുവാക്കൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് വിസയുടെയും വിമാന ടിക്കറ്റിന്റെയും ചാർജ്ജോ പരമാവധി 1,25,000/- രൂപയോ ഏതാണ് കുറവ് ആ തുക ധനസഹായമായി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്റ്റ് പ്രകാരം മേൽ ഗുണഭോക്താവിന് പരമാവധി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ വിസയുടെയും വിമാന ടിക്കറ്റിന്റെയും ചാർജ്ജ് വ്യക്തമാക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 45/12-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയോടൊപ്പം ഗുണഭോക്താവിന്റെ അപേക്ഷയുടെ പകർപ്പും മറ്റ് അനുബന്ധ രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. യഥാർത്ഥ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹125000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, പാലയാട് സർക്കിൾ |
| പ്രൊജക്റ്റ് നമ്പർ / പേര് | 52/23 വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ | ₹54051 മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം<br>₹5949 തനത് ഫണ്ട് |

| | |
|---|---|
| | ആകെ- ₹60000 |
| ചെലവ് | ₹43712 ബിൽ നമ്പർ : 412/26-3-23<br>₹4200 ബിൽ നമ്പർ : 434/28-3-23<br>ആകെ- ₹47912, മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം |

മേൽ പ്രൊജക്ട് പ്രകാരം വി ഇ ഒ ഓഫീസിലേക്ക് ₹43712 ചെലവഴിച്ച് EWORLD COPUTER TECH, Mambaram എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും ₹4200 ചെലവഴിച്ച് RJ ENTERPRISES, Kottayam എന്ന സ്ഥാപനത്തിൽ നിന്നും യു പി എസും വാങ്ങിയിട്ടുണ്ട്. സ.ഉ.(സാധാ)1168/2020/തസ്വഭവ തീയതി 16-06-20 പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ജോലി സംബന്ധമായ ആവശ്യങ്ങൾക്ക് മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ് ടോപ്പുകൾ വാങ്ങി നൽകാവുന്നതാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി ബ്ലോക്കിലുൾപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വി ഇ ഒ മാർക്കും 2021-22 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് നം 77/22 പ്രകാരം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. G.O(Rt)No.99/2021/ITD Dated 23.07.21 പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകൾ വാങ്ങുമ്പോൾ ഡെസ്ക്ടോപ്പുകൾക്ക് പകരം ലാപ്ടോപ്പുകൾ വാങ്ങണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പരിഗണിക്കാതെ വീണ്ടും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന്റ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 38/10-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ ലാപ്ടോപ്പ് പൂർണ്ണ പ്രവർത്തന ക്ഷമമായിരുന്നില്ലെന്നും വൈഫൈ കണക്ഷൻ ഉപയോഗിച്ച് നെറ്റ് വർക്ക് റേഞ്ച് കുറവായ ധർമ്മടം പ്രദേശത്ത് ലാപ്ടോപ്പ് ഉപയോഗിച്ച് സുഗമമായി ജോലി ചെയ്യാൻ കഴിയാത്തതിനാലുമാണ് ഡെസ്ക്ടോപ്പ് കംപ്യൂട്ടർ വാങ്ങിയതെന്നാണ് അറിയിച്ചിട്ടുള്ളത്. 2022 മാർച്ച് മാസത്തിനുള്ളിൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വി ഇ ഒ മാർക്ക് ജോലി സംബന്ധമായ കാര്യങ്ങൾക്കായി ലാപ്ടോപ് വാങ്ങുന്നതിനായി തുക ചെലവഴിക്കുകയും ജനവരി മാസത്തിൽ ലാപ്ടോപ്പ് ലഭ്യമാവുകയും ചെയ്ത സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം വീണ്ടും ഡെസ്ക്ടോപ്പ് വാങ്ങുന്നതിനായി തുക ചെലവഴിച്ചത് ഉചിതമായ നടപടിയല്ല. പ്രൊജക്ട് നടപ്പാക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാവുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വാങ്ങിയ ഉപകരണങ്ങൾ നിഷ്ക്രിയമാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-27 മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ- അധികം അനുവദിച്ച ₹1598 തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, ധർമ്മടം സർക്കിൾ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 102/23 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ |
| അടങ്കൽ | ₹1250000 വികസന ഫണ്ട്- പൊതുവിഭാഗം<br>₹100000 തനത് ഫണ്ട്<br>ആകെ ₹1350000 |
| ചെലവ് | ₹37500 ബിൽ നമ്പർ : 169/30-12-22<br>₹75000 ബിൽ നമ്പർ : 190/06-01-23<br>₹187500 ബിൽ നമ്പർ : 195/10-01-23<br>₹75000 ബിൽ നമ്പർ : 200/13-01-23<br>₹150000 ബിൽ നമ്പർ : 223/30-01-23<br>₹150000 ബിൽ നമ്പർ : 242/09-02-23<br>₹225000 ബിൽ നമ്പർ : 271/21-02-23<br>₹37500 ബിൽ നമ്പർ : 301/07-03-23<br>₹100261 ബിൽ നമ്പർ : 361/21-03-23 |

| | |
|---|---|
| | ₹150000 ബിൽ നമ്പർ : 415/27-03-23<br>ആകെ- ₹1187761 വികസന ഫണ്ട്- പൊതുവിഭാഗം |

മേൽ പ്രൊജക്റ്റിന്റെ ഭാഗമായി പഴയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിനായി ശ്രീ ഷനിൽ കമാർ പി എന്ന ഗുണഭോക്താവിന് ബിൽ നമ്പർ : 271/21-2-23, ബിൽ നമ്പർ : 415/27-3-23 എന്നിവ പ്രകാരം ₹37,500 വീതം ആകെ ₹75,000 അനുവദിച്ചിട്ടുണ്ട്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സഉ(കൈ)നം.115/2022/തസ്വഭവ തീയതി 28-05-2022 ഖ-67(3) പ്രകാരം അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തികരിച്ച് എൽ എസ് ജി ഡി ഓവർസിയർ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നതിനനുസരിച്ചാണ് സബ്സിഡി തുക അനുവദിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട് (പരമാവധി ₹75,000). ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ എൽ എസ് ജി ഡി ഓവർസിയറുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് പ്രകാരം മേൽ പറഞ്ഞ പ്രവൃത്തിക്കായി ആകെ ₹73402 ചെലവായതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ ചെലവായ തുകയേക്കാൾ ₹1598 അധികം നൽകിയിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച് നൽകിയ 33/8-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച ₹1598 ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി കൺസോളിഡേറ്റ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-28 കേരളോത്സവം-₹52,330യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 265/23 കേരളോത്സവം |
| അടങ്കൽ | ₹141700 (വികസന ഫണ്ട്) |
| ചെലവ് | ₹141700 (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി/തുക | 22220352007700871874/<br>06.12.2022/₹141700. |

കേരളോത്സവം നടത്തിപ്പുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2022-23ലെ കേരളോത്സവം മാർഗ്ഗരേഖ ഖണ്ഡിക 8.4(3)ലെ നിർദ്ദേശ പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാതല ഒഫിഷ്യൽസ് മാത്രമേ കായിക മത്സരങ്ങൾ നിയന്ത്രിക്കുവാൻ പാടുള്ളൂ. കായിക മത്സരങ്ങൾ നിയന്ത്രിച്ച ഒഫിഷ്യൽസിന്റെ യോഗ്യത സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. കേരളോത്സവം മാർഗ്ഗരേഖ ഖണ്ഡിക 9.1(8) ലെ നിർദ്ദേശാനുസരണം വിധികർത്താക്കളുടെ പാനൽ രൂപീകരണവും, നിയമനവും സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതിയുടെ ഭാഗമായി SPORTS GALAXY -തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് 15.11.2022-ലെ ഇൻവോയ്സ് നം.316 പ്രകാരം ₹5,800 ചെലവഴിച്ച് വാങ്ങിച്ച സാധനങ്ങളുടെ പേര് രേഖപ്പെടുത്തിയതും, സാധനങ്ങളുടെ ആകെ തുകയും, ജി.എസ്.ടി ഇനത്തിൽ ഈടാക്കിയ തുകയിലും വ്യക്തത വരുത്തേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, വിതരണം ചെയ്തവ തിരിച്ചേൽപ്പിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

4. പദ്ധതിയുടെ ഭാഗമായി VIN SPORTS & PLASTICS കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് 16.11.2022-ലെ ബിൽ നം.646 പ്രകാരം ₹13,030 ചെലവഴിച്ച് വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും, വിതരണം ചെയ്തവ തിരിച്ചേൽപ്പിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

5. പദ്ധതിയുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന വൗച്ചർ നമ്പറുകൾ പ്രകാരം ചെലവഴിച്ച തുക ഏതൊക്കെ ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കിയിട്ടില്ല.

| വൗച്ചർ നമ്പർ | തീയതി | തുക ₹ |
|---|---|---|
| 1/22-23 | 20.11.2022 | 5000 |
| 7/22-23 | 20.11.2022 | 2000 |
| 8/22-23 | 20.11.2022 | 1000 |
| 9/22-23 | 20.11.2022 | 2000 |

| | | |
|---|---|---|
| 10/22-23 | 20.11.2022 | 1000 |
| 11/22-23 | 20.11.2022 | 2000 |
| 12/22-23 | 20.11.2022 | 2000 |
| 13/22-23 | 20.11.2022 | 2000 |
| 14/22-23 | 20.11.2022 | 2000 |
| 15/22-23 | 20.11.2022 | 2000 |
| 16/22-23 | 20.11.2022 | 2000 |
| 17/22-23 | 20.11.2022 | 2000 |
| 18/22-23 | 20.11.2022 | 2000 |
| 19/22-23 | 20.11.2022 | 2000 |
| 20/22-23 | 20.11.2022 | 2000 |
| | ആകെ | ₹31000 |

6. പദ്ധതിയുടെ ഭാഗമായി വൗച്ചർ നമ്പർ 24/22-23 തീയതി 20.11.2022 പ്രകാരം ബ്ലോക്ക്തല ക്രിക്കറ്റ് മത്സര അമ്പയറിംഗിന് ₹1,000 ശ്രീ.രാമൻ.പി-യ്ക്കും, വൗച്ചർ നമ്പർ 26/22-23 തീയതി 20.11.2022 പ്രകാരം ബ്ലോക്ക്തല ക്രിക്കറ്റ് മത്സര അമ്പയറിംഗിന് ₹1,500 ശ്രീ.അമൽ.കെ.പി-യ്ക്കും അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/2022-23/6.12.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച ₹52,330യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പഞ്ചായത്തിലെ അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ-₹29990 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 199/23, പഞ്ചായത്തിലെ അംഗീകൃത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ |
| അടങ്കൽ | ₹30000(വികസന ഫണ്ട്) |
| ചെലവ് | ₹29990(വികസന ഫണ്ട്) |
| ബിൽ നമ്പർ/ തീയതി/തുക | 22220352007701320971/09.03.2023/₹29990. |

08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ₹25,000യ്ക്ക് മുകളിലും ₹1,00,000യിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, ₹1,00,000യ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി MOULAVI AGENCIES, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്ന് 02.03.2023-ലെ ബിൽ നം.001483 പ്രകാരം ₹29,990 ചെലവഴിച്ച് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിന്റെ വാങ്ങൽ നടപടിക്രമങ്ങളും, ആയത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/2022-23/6.12.2023) ₹50,000 വരെ ക്വട്ടേഷൻ മതി എന്ന ധാരണയിലാണ് ക്വട്ടേഷൻ നടപടി സ്വീകരിച്ചതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ₹29,990യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.₹900000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/പേര് | 198/23 എസ്.എസ്.കെ.വിഹിതം നൽകൽ. |
| അടങ്കൽ | ₹900000 (വികസന ഫണ്ട്) |
| ചെലവ് | ₹900000 (വികസന ഫണ്ട്) |
| ബിൽ നമ്പർ/തീയതി/തുക | 222203520077008718 68/06.12.2022/₹900000 |

1. പദ്ധതിയുടെ ഭാഗമായി District Project Officer SSK Kannur-ന്റെ 1139101070109 എന്ന അക്കൗണ്ട് നമ്പറിൽ 9,00,000/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് നമ്പർ District Project Officer SSK Kannur-ന്റെ നിലവിലുള്ള അക്കൗണ്ട് നമ്പറാണെന്ന് ഉറപ്പ് വരുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. പ്രസ്തുത തുകയുടെ വെബ് സാംഖ്യയിൽ നിന്നുള്ള വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

3. മേൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/2022-23/6.12.2023) അക്കൗണ്ട് നമ്പർ മാറിയതിനാൽ തുക എസ്.എസ്.കെ.യുടെ അക്കൗണ്ടിൽ ക്രെഡിറ്റായിരുന്നില്ല എന്നും പുതിയ അക്കൗണ്ട് നമ്പറായ 1139101071275-ലേക്ക് 03.05.2023ന് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നും 2022-23-ലെ വാർഷിക പദ്ധതിയാണെങ്കിലും തുക യഥാർത്ഥ അക്കൗണ്ടിൽ എത്തുന്നത് 2023-24 സാമ്പത്തിക വർഷമായതിനാൽ 2023-24 സാമ്പത്തിക വർഷത്തെ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം മാത്രമേ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹9,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 സ്കൂളുകൾക്ക് വാട്ടർപ്യൂരിഫയർ വാങ്ങൽ-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ / പേര് | 26/23 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ. |
| അടങ്കൽ | ₹500000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്.) |
| ചെലവ് | ₹480004 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്.) |
| ബിൽ നമ്പർ/തീയതി/തുക | 225/28.1.2023/₹480004 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധർമ്മടം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്കായി R.J Enterprises -കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാട്ടർപ്യൂരിഫയർ വാങ്ങിയ ബില്ലിൽ നിന്നും ടിഡിഎസ് നടത്തിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഒരെണ്ണത്തിന്റെ വില | വാങ്ങിച്ച വാട്ടർപ്യൂരിഫയറിന്റെ എണ്ണം | ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുക ₹ | ജി.എസ്.ടി 18% | ജി.എസ്.ടി 18% ഉൾപ്പെടെയുള്ള ആകെ തുക |
|---|---|---|---|---|
| 33898.60 | 12 | 406783.20 | 73220.98 | 480004 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2022-23/6.12.2023) ജി.എസ്.ടി, ടി.ഡി.എസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വാട്ടർ പ്യൂരിഫയർ വാങ്ങിയ ബില്ലിൽ നിന്നും ജി.എസ്.ടി ഉൾപ്പെടാത്ത തുകയായ ₹406783യിൽ നിന്ന് 2% ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ട ₹8136 ഈടാക്കി റിട്ടേൺ ഫയൽ ചെയ്യേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-32 സാന്ത്വന പരിചരണം-രേഖകളുടെ അഭാവത്തിൽ ₹298630യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ധർമ്മടം. |
| പ്രോജക്റ്റ് നം. | 44/23 |
| പ്രോജക്റ്റിന്റെ പേര് | സാന്ത്വന പരിചരണം. |
| അടങ്കൽ ₹1457430 | ₹957430 (വികസന ഫണ്ട്)<br>₹300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് ₹1004502 | ₹862253 (വികസന ഫണ്ട്)<br>₹142249 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ നം./തീയതി/തുക | (1)22220352007500199854/14.6.2022/₹39980.<br>(2)22220352007500199896/14.6.2022/₹39351.<br>(3)22220352007500299733/12.7.2022/₹54990.<br>(4)22220352007500398743/8.8.2022/₹40310.<br>(5)22220352007500547286/17.9.2022/₹51328.<br>(6)22220352007500686899/25.10.2022/₹15000<br>(7)22220352007500626449/10.10.2022/₹21956<br>(8)22220352007500628006/11.10.2022/₹40230.<br>(9)22220352007500725646/3.11.2022/₹40230.<br>(10)22220352007500872721/6.12.2022/₹55110.<br>(11)22220352007500895069/12.12.2022/₹13451.<br>(12)2222035200750094349/21.12.2022/₹15000.<br>(13)22220352007501234807/31.1.2023/₹142249.<br>(14)22220352007500990201/4.1.2023/₹13406.<br>(15)22220352007500990215/4.1.2023/₹45930.<br>(16)22220352007501083150/24.1.2023/₹15000.<br>(17)22220352007501234964/10.2.2023/₹41370.<br>(18)22220352007501234976/21.2.2023/₹10015.<br>(19)22220352007501302594/7.3.2023/₹55230.<br>(20)22220352007501342082/14.3.2023/₹96381.<br>(21)22220352007501385954/17.3.2023/₹23358.<br>(22)22220352007501506309/27.3.2023/₹57540<br>(23)22220352007501506656/27.3.2023/₹77087 |

1. സ.ഉ(സാധാ)നം.3217/2015/ത.സ്വ.ഭ.വ തീയതി.29.10.2015ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.5.6 അനുസരിച്ച് പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരു വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. മരുന്നുകളുടെയും മെഡിക്കൽ അനുബന്ധ സാധനങ്ങളുടെയും, വാർഷിക ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3. മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിൽ ക്രമ നമ്പർ 1 മുതൽ 5 വരെ, 8, 9, 10, 15, 17, 19, 22 എന്നീ ബിൽ നമ്പറിൽ നിന്ന് സ്പർശം പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സൂപ്പർ മാർക്കറ്റ് ചിറക്കുനിയിൽ നിന്ന് പ്രതിമാസം 5000/- രൂപ നിരക്കിൽ 12 മാസം ₹60,000 ചെലവഴിച്ച് വാങ്ങിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം, ഓരോ ആൾക്കും സാധനങ്ങൾ വിതരണം ചെയ്തതിന്റെ അളവ് സഹിതം ഹാജരാക്കിയിട്ടില്ല.

4. പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ചിട്ടുള്ള ബിൽ നമ്പറിലെ ക്രമ നമ്പർ 13-ൽ ഉൾപ്പെട്ട ₹1,42,249യും, ക്രമ നമ്പർ 20-ൽ ഉൾപ്പെട്ട ₹96,381യും, മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ആയതിൽ എത്ര രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടില്ല. ലഭ്യമായ മരുന്നുകളുടെ ടാക്സ് ഇൻവോയ്സും, അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

5. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2022-23/11.12.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ നിന്ന് സാധനം വാങ്ങിച്ചതിന് ചെലവഴിച്ച ₹60,000യും, മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷന് അനുവദിച്ച ₹2,38,630യും ഉൾപ്പെടെ ₹2,98,630യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഉപകേന്ദ്രങ്ങളെ ഹെൽത്ത് വെൽനസ് സെന്റർ ആയി ഉയർത്തൽ-രേഖകൾ ഹാജരാക്കിയിട്ടില്ല. ₹59,200യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.ധർമ്മടം. |
| പ്രോജക്റ്റ് നം. | 252/23 |
| പ്രോജക്റ്റിന്റെ പേര് | പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ ഉപകേന്ദ്രങ്ങളെ ഹെൽത്ത് വെൽനസ് സെന്റർ ആയി ഉയർത്തൽ. |
| അടങ്കൽ | ₹80000 (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | ₹80000 (ഹെൽത്ത് ഗ്രാന്റ്) |
| വൗച്ചർ നം./ തീയതി/തുക | (1)22201203/25.3.2023/₹9100.<br>(2)22201237/25.3.2023/₹10900.<br>(3)22201208/25.3.2023/₹25000.<br>(4)22201201/25.3.2023/₹10000.<br>(5)22201207/25.3.2023/₹10800.<br>(6)22201206/25.3.2023/₹14200. |

1. മെഡിക്കൽ അനുബന്ധ സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

2. 8.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രൊക്വയർമെന്റ് മാന്വൽ ഖണ്ഡിക 3-2 പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് ₹25,000യ്ക്ക് മുകളിലും ₹1,00,000യിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, ₹1,00,000യ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അനുബന്ധ സാധനങ്ങൾ വാങ്ങിച്ചതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ | മെഡിക്കൽ | ഇൻവോയ്സ് | തുക | തുക | അപാകങ്ങൾ |
|---|---|---|---|---|---|

| നമ്പർ | അനുബന്ധ സാധനങ്ങൾ വാങ്ങിച്ച സ്ഥാപനത്തിന്റെ പേര് | നമ്പർ/ ബിൽ നം/തീയതി | ₹ | ഉൾപ്പെടുന്ന വൗച്ചർ നമ്പർ | |
|---|---|---|---|---|---|
| 1 | ശ്രീരാജ് സർജിക്കൽസ്, കണ്ണൂർ. | GST22-23/ 5947-24.3.2023. | 9100 | 22201203/ 25.3.2023/ ₹9100. | വാങ്ങൽ നടപടി ക്രമങ്ങളുടെ രേഖകൾ ഹാജരാക്കി യിട്ടില്ല. |
| 2 | ശ്രീരാജ് സർജിക്കൽസ്, കണ്ണൂർ. | GST22-23/ 5948-24.3.2023. | 10900 | 22201237/ 25.3.2023/ ₹10900. | |
| 3 | ശ്രീരാജ്സർജിക്കൽസ്, കണ്ണൂർ. | GST22-23/ 5888-21.3.2023. | 14200 | 22201206/ 25.3.2023/ ₹14200. | |
| ആകെ | | | ₹34200. | | |

ഒരു പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും ഒന്നായി കണക്കാക്കാതെ തുക വേർതിരിച്ച് കാണിച്ച് ക്വട്ടേഷൻ നടപടികളിലൂടെ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. മേൽ പദ്ധതിയുടെ ഭാഗമായി 4 ഉപകേന്ദ്രങ്ങളിൽ 3 വീതം ബോധവത്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 36X24 സൈസിലുള്ള 12 ബോർഡ് വാങ്ങിച്ചതിന് ക്വട്ടേഷൻ നോട്ടീസിൽ ബോർഡിന്റെ സ്പെസിഫിക്കേഷനും, എഴുതേണ്ട വാചകങ്ങളുടെ സ്പെസിഫിക്കേഷനും വ്യക്തമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4. പദ്ധതിയുടെ ഭാഗമായി 08.03.2023-ലെ ബിൽ നമ്പർ 20 പ്രകാരം ബോർഡ് വാങ്ങിയതിന് നിറം ആർട്സ്, പാലയാട് എന്ന സ്ഥാപനത്തിന്റെ 40450111000131 എന്ന അക്കൗണ്ട് നമ്പറിൽ മുകളിൽ പരാമർശിച്ച ബിൽ നമ്പറിൽ (22201208/25.3.2023) നിന്ന് ₹25,000 അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡുകൾക്ക് എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നുള്ള വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. പദ്ധതിയുടെ ഭാഗമായി വാങ്ങിയ 12 ബോർഡുകൾ ഏതൊക്കെ വാർഡിലാണ് സ്ഥാപിച്ചത് എന്നതിനുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

6. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/2022-23/11.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിച്ചതിന് ചെലവഴിച്ച ₹32,400യും, ബോർഡുകൾ വാങ്ങിക്കുന്നതിന് ചെലവഴിച്ച ₹25,000യും ഉൾപ്പെടെ ₹59,200യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 കണ്ണൂർ ഫൈറ്റ് ക്യാൻസർ-സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി-രേഖകളുടെ അഭാവത്തിൽ ₹93560 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| പ്രോജക്ട് നം. | 224/23 |
| പ്രോജക്ടിന്റെ പേര് | കണ്ണൂർ ഫൈറ്റ് കാൻസർ സമഗ്ര കാൻസർ നിയന്ത്രണ പരിപാടി |
| അടങ്കൽ ₹200000. | ₹50000 (വികസന ഫണ്ട്)<br>₹50000 (തനത് ഫണ്ട്)<br>₹100000 (ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് ₹93560. | ₹50000 (വികസന ഫണ്ട്)<br>₹43560 (തനത് ഫണ്ട്) |
| ബിൽ നം./വൗച്ചർ നം./ | (1) 2222035200750102707З/11.1.2023/₹48900. |

| | |
|---|---|
| തീയതി/തുക | (2) 22201087 /25.2.2023/₹43560.<br>(3) 22220352007501342092/14.3.2023/₹1100. |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെയും, ധർമ്മടം ഗ്രാമ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ക്യാൻസർ നിയന്ത്രണ പരിപാടിയുടെ ഭാഗമായാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. ജനങ്ങളെ ക്യാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുക, EARLY CANCER DETECTION ക്ലിനിക്കുകൾ പി.എച്ച്.സി.യിൽ ആരംഭിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം.

08.11.2010-ലെ ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 25,000/- രൂപക്ക് മുകളിലും 1,00,000/- രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, 1,00,000/- രൂപക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. മേൽ പ്രൊജക്ട് പ്രകാരം ക്യാൻസർ രോഗ ബോധവൽക്കരണത്തിനായി കൈപുസ്തകം പ്രിന്റ് ചെയ്യുന്നതിന് 48,900/- രൂപയും, പാപ്സ്മിയർ ക്ലിനിക്ക് നടത്തുന്നതിനായി ഉപകരണങ്ങൾ വാങ്ങിച്ചതിന് 43,560/-രൂപയും, ബോധവത്ക്കരണ ബാനറിനായി 1,100/- രൂപയും ഉൾപ്പെടെ 93,560/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്യാൻസർ ബോധവൽക്കരണ കൈപ്പുസ്തകം 8,500 എണ്ണം 48,900/- രൂപക്ക് TELLICHERY PRINTING WORKERS INDUSTRIALS CO-OP.SOCIETY-പ്രിന്റ് ചെയ്തതിന്റെ ടെണ്ടർ നടപടിക്രമങ്ങളും, ആയത് അംഗീകരിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പാപ്സ്മിയർ ക്ലിനിക്ക് നടത്തുന്നതിനായി 43,560/- രൂപയുടെ ഉപകരണങ്ങൾ TREND SURGICALS KANNUR എന്ന സ്ഥാപനത്തിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കാതെ ക്വട്ടേഷനിലൂടെ വാങ്ങിച്ചതിന്റെ കാരണവും ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയിൽ വിഭാവനം ചെയ്ത മറ്റ് പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരവും, ബോധവൽക്കരണത്തിനായി വാങ്ങിച്ച കൈപുസ്തകം വിതരണം ചെയ്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

3. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/2022-23/11.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ച 93,560/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും ആവശ്യമായ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 സ്മാർട്ട് ഐ-ഫേസ് 1 - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 286/23 സ്മാർട്ട് ഐ - ഫേസ് 1 |
| അടങ്കൽ | ₹ 177000 വികസന ഫണ്ട്-പൊതുവിഭാഗം |
| ചെലവ് | ₹ 177000 ബിൽ നമ്പർ :266/20-2-23 |

മേൽ പ്രൊജക്ട് പ്രകാരം പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി തടയുന്നതിന് സിസി ടിവി സ്ഥാപിക്കുന്നതിന് മുന്നോടിയായി ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, നെറ്റ് വർക്ക് ക്യാമറ, പവ്വർ ഒപ്റ്റിമൈസർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി കണ്ണൂർ ജില്ലാപഞ്ചായത്തിന് ₹177000 നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ, പ്രസ്തുത തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 4/05-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സി.സി. ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ടെന്നും പ്രൊജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹177000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 പൊതു ടാപ്പുകൾ ഒഴിവാക്കൽ-പദ്ധതി നടത്തിപ്പിലെ അപാകം ₹397000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജെക്ടിന്റെ നമ്പർ / പേര് | 248/23 പൊതു ടാപ്പുകൾ ഒഴിവാക്കൽ |
| അടങ്കൽ | ₹397000 തനത് ഫണ്ട് |
| ചെലവ് | ₹397000 ബിൽ നമ്പർ : 50/19-8-2022 |

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി മേൽ പ്രൊജക്ട് പ്രകാരം ₹397000 കേരള വാട്ടർ അതോറിറ്റി, കണ്ണൂർ ഡിവിഷന് നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സഉ(കൈ)നം.84/2022/തസ്വഭവ തീയതി 19-04-22 ഖണ്ഡിക 12-2(5)(ഡി)(ii) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി തുക മുൻകൂർ അനുവദിക്കുന്നതിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സ്ഥാപനം തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടോയെന്നും, സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, ഒഴിവാക്കിയ ടാപ്പുകളുടെ എണ്ണം, ഒഴിവാക്കിയ ടാപ്പുകൾ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 24/07-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 220 ടാപ്പുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഒഴിവാക്കിയ ടാപ്പുകൾ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ലേലനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാലും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാലും ₹397000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ഒഴിവാക്കുന്നതിനു മുമ്പും ഒഴിവാക്കിയ ശേഷവും പ്രതിമാസ വാട്ടർ ചാർജ്ജിൽ വന്ന നിരക്ക് വ്യത്യാസം സംബന്ധിച്ചുള്ള വിവരവും അറിയിക്കേണ്ടതാണ്.

## 1-37 ലൈഫ് മിഷൻ- വായ്പ ഇനത്തിൽ അധികം തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തു

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരം വായ്പ ഇനത്തിൽ ₹133817യാണ് തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ G.O(Rt)No.6872/2022/Fin, 12-10-22 പ്രകാരം അനുവദിച്ച വികസന ഫണ്ട് (പൊതുവിഭാഗം) രണ്ടാം ഗഡുവിലെ സ്രോതസ്സിൽ നിന്നും ₹66000യും വികസന ഫണ്ട് എസ് സി പി യിൽ നിന്നും ₹35233യും, GO(Rt)No.1049/2022/fin, 13-02-23 പ്രകാരം അനുവദിച്ച മൂന്നാം ഗഡുവിലെ സ്രോതസ്സിൽ നിന്നും ₹297082 വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ₹35233 വികസന ഫണ്ട് എസ് സി പി യിൽ നിന്നുമായി ആകെ ₹433548 കുറവ് ചെയ്തിട്ടുണ്ട്. ആയതിന് പ്രൊജക്ട് നമ്പർ 273/23, 291/23, 274/23, 289/23 എന്നിവ പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. വായ്പ ഇനത്തിൽ അധികമായി ഈടാക്കിയ ₹299731 തുക തിരികെ ലഭിക്കാൻ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 25/12-12-2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ഈടാക്കിയ ₹2,99,731 തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-01-2020ലെ സർക്കുലർ നമ്പർ എസി 1/125/2019/തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹1202841 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല എന്ന് വ്യക്തമാവുന്നു. 2016 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ 2/05-12-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പായി തുടരുന്ന ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയേയും ഭരണസമിതിയേയും ബോധ്യപ്പെടുത്തി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-39 തെരുവ് വിളക്കിന് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് 2022-23 വർഷം ₹666364 ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റണമെന്ന് 2013 മുതൽ നിർദേശമുണ്ടെങ്കിലും നാളിതുവരെ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റിയിട്ടില്ല. 10/2022 മാസത്തിൽ കെ എസ് ഇ ബിയുമായി ചേർന്ന നടത്തിയ സംയുക്ത പരിശോധനയ്ക്ക് ശേഷം വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പൂർണ്ണമായും മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറാത്തത് കാരണം വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരാനിടയുണ്ട്. ആയതിനാൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലുള്ള ആവർത്തന ചെലവിൽ കുറവ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ₹307407 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയതിൽ ₹75,407 മുൻ സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. നാളിതുവരെയായും മേൽ പ്രകാരം മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ 1/05-12-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ചെലവ് വിവരങ്ങൾ ലഭ്യമാകാതെ വീണ്ടും തുക അനുവദിക്കുന്നത് ഉചിതമായ നടപടിയല്ല. ക്രമീകരിക്കാൻ ബാക്കിയുള്ള ₹307407 യുടെ ചെലവ് വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി തുക ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 പൊതു മരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (കൈ)നം.84/2022/തസ്വഭവ തീയതി 19-04-2022 സർക്കാർ ഉത്തരവ് ഖണ്ഡിക 14-4 പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിറ്ററിംഗ് സംവിധാനത്തിന് പുറമേ പൊതു മരാമത്ത് മാന്വൽ അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് സംവിധാനം കൂടി നടപ്പിലാക്കേണ്ടതുണ്ട്. ആയതിന്റെ തുടക്കമെന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകൾ റാൻഡം രീതിയിൽ തെരഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/05-12-23) മറുപടിയായി 2022-23 വർഷത്തിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-42 പൊതുശ്മശാനം -പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ പേര് | 61/23, പൊതുശ്മശാനം (സ്പിൽ ഓവർ) |
| അടങ്കൽ | ₹3493101 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹25000 തനത് ഫണ്ട്<br>₹965132 സംസ്ഥാനാവിഷ്കൃത ഫണ്ട്<br>₹354237 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ആകെ : ₹4837470 |
| ചെലവ് തുക | ഇല്ല |

ധർമ്മടം ഗ്രാമ പഞ്ചായത്തിലെ ധർമ്മടം വില്ലേജിലെ RS No.4/3A (ധർമ്മടം അംശം, മേലൂർ ദേശം) ലെ 20 സെന്റ് സ്ഥലത്ത് വാതകശ്മശാനം നിർമ്മിക്കുന്നതിന്റെ ഭാഗമായി അനുബന്ധ പ്രവൃത്തികൾക്കായാണ് മേൽ പരാമർശിച്ച പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രൊജക്ട് 2019-20, 2020-21, 2021-22 വർഷങ്ങളിൽ സ്പിൽ ഓവറായി തുടർന്ന് വന്നിട്ടുണ്ട്. എന്നാൽ തൻവർഷവും പ്രൊജക്ടുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ഈ രീതിയിൽ പദ്ധതി തുടരുന്നതിനുള്ള കാരണം വ്യക്തമാക്കുന്നതിന് 13/5-`12-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പൊതുശ്മശാനം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിലെ കേസ് പ്രകാരം സ്റ്റേ ഉത്തരവ് നിലവിലുള്ളതിനാൽ പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്ന മറുപടി നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് അത്യാവശ്യമായ വാതകശ്മശാനം പ്രാവർത്തികമാക്കാനായി, നിലവിലുള്ള ഹൈക്കോടതി സ്റ്റേ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയം ഗൗരവമായി പരിഗണിക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നമ്പർ/ തീയതി |
|---|---|---|
| 2022-23 | 11-12-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1885/2023. തീയതി: 23.12.2023. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 93500 | 2021-22 | 146/23 നെൽകൃഷി വികസനം | 93500 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 2 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 320000 | 2022-23 | 55/23 ലൈഫ് അഡീഷണൽ ലിസ്റ്റിലെ പട്ടികജാതി ഭവന നിർമ്മാണം | 320000 | ഇല്ല |
| 3 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 142249 | 2022-23 | 44/23 സാന്ത്വന പരിചരണം | 142249 | ഇല്ല |
| 4 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 442200 | 2022-23 | 43/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 442200 | ഇല്ല |
| 5 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 80000 | 2021-22 | 134/23 ലൈഫ് ഭവന നിർമ്മാണം – പട്ടികജാതി | 80000 | ഇല്ല |
| 6 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 120000 | 2022-23 | 56/23 ലൈഫ് അഡീഷണൽ ലിസ്റ്റിലെ ഫിഷറീസ് ഭവന നിർമ്മാണം | 120000 | ഇല്ല |
| 7 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 400000 | 2022-23 | 54/23 ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ | 400000 | ഇല്ല |
| 8 | തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 200000 | 2022-23 | 225/23 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | ഇല്ല |
| | ആകെ | 1797949 | | | 1797949 | |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 32869 | 2022-23 | 53/23 ലൈഫ് ഭവന പദ്ധതി-ജനറൽ | 32869 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2022-23 | 225/23 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 147400 | 2022-23 | 43/23 ശാരീരിക മാനസിക | 147400 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| | ആകെ | 280269 | | | 280269 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം., തീയതി, തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 248/23, പൊതുടാപ്പുകൾ ഒഴിവാക്കൽ | 397000/-50/19.08.22 | 397000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ) | ജി.ഒ. (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-05-2018 | 133817 | - | 433548 | | (-)299731 |

₹299731 വായ്പ ഇനത്തിൽ അധികമായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 1- ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 19 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ | നിലനിൽക്കുന്നു |
| - | - | 2013-14 | 5.1.5.2 | ജലസ്രോതസ്സുകൾ മാലിന്യക്കൂമ്പാരമായത് | നിലനിൽക്കുന്നു |
| - | - | 2013-14 | 5,1.5.12 | കുടിവെള്ള / ശുചിത്വ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | |
| - | - | 2011-12 | 2-1 | ഗ്രാമസഭ അപാകം | |
| 2007-08 | 3-1 | 2011-12 | 2-6 | അനർട്ട് - നിക്ഷേപ പ്രവൃത്തികൾ | |
| 2014-15, | 2-1, 2-2, 2-3 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |
| 2015-16 | 2-1 | | | | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 57057039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 49237228 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1598 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3134298 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

| ഖണ്ഡിക നമ്പർ | ചാർജ്ജ് തുക | സർ ചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-27 | - | 1598 | ശ്രീ.പ്രേമൻ.വി,വി ഇ ഒ ധർമടം |
| | | 1598 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 76032 | ശ്രീമതി.സരിത.കെ വി,<br>അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 209970 | ശ്രീമതി.സരിത.കെ വി,<br>അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-19 | 264900 | ശ്രീമതി.അനഘ.കെ പി,കൃഷി ഓഫീസർ |
| 1-21 | 14686 | ഡോ.ശ്രീനേഷ്.എസ്.എസ്, വെറ്റിനറി സർജൻ |
| 1-22 | 5000 | ഡോ.ശ്രീനേഷ്.എസ്.എസ്, വെറ്റിനറി സർജൻ |
| 1-24 | 31000 | ഡോ.ശ്രീനേഷ്.എസ്.എസ്, വെറ്റിനറി സർജൻ |
| 1-25 | 125000 | ശ്രീ.സരസൻ.ബി, അസി.സെക്രട്ടറി |
| 1-28 | 52330 | ശ്രീ.മൊയ്തു, ഹെഡ് മാസ്റ്റർ |
| 1-29 | 29990 | ശ്രീ.മൊയ്തു,ഹെഡ് മാസ്ററർ |
| 1-30 | 900000 | ശ്രീ.മൊയ്തു,ഹെഡ് മാസ്ററർ |
| 1-32 | 298630 | ഡോ.ദിൽനാഥ്,<br>മെഡിക്കൽ ഓഫീസർ, PHC |

| | | |
|---|---|---|
| 1-33 | 59200 | ഡോ.ദിൽനാഥ്,<br>മെഡിക്കൽ ഓഫീസർ, PHC |
| 1-34 | 93560 | ഡോ.ദിൽനാഥ്,<br>മെഡിക്കൽ ഓഫീസർ, PHC |
| 1-35 | 177000 | ശ്രീ.ബിന്റി ലക്ഷ്മൺ, സെക്രട്ടറി |
| 1-36 | 397000 | ശ്രീ.പി.കെ.പ്രേമൻ, സെക്രട്ടറി |
| ആകെ തുക | 3134298 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ശ്രീനേഷ്.എസ്.എസ്,<br>വെറ്ററിനറി സർജ്ജൻ | വെറ്റിനറി സർജ്ജൻ,<br>ധർമ്മടം<br>ഗ്രാമപഞ്ചായത്ത് | ശ്രേയസ്,<br>കണ്ണാടിപൊയിൽ<br>പി ഒ ബാലുശ്ശേരി<br>കോഴിക്കോട്<br>673310 |
| ശ്രീ.പ്രേമൻ.വി,<br>വി ഇ ഒ ധർമ്മടം | വി ഇ ഒ പട്ടുവം<br>ഗ്രാമപഞ്ചായത്ത് | അഞ്ജനം,<br>മുഴപ്പിലങ്ങാട് പി ഒ,<br>670662 |
| ശ്രീമതി.സരിത.കെ വി,<br>അസിസ്റ്റന്റ് ഫിഷറീസ്<br>എക്സ്റ്റൻഷൻ ഓഫീസർ | അസിസ്റ്റന്റ് ഫിഷറീസ്<br>എക്സ്റ്റൻഷൻ ഓഫീസർ,<br>തലശ്ശേരി<br>മത്സ്യഭവൻ | പ്രസാദ് നിവാസ്,<br>പഴശ്ശി, പാവന്നൂർമൊട്ട,<br>പി.ഒ മയ്യിൽ |
| ശ്രീമതി.അനഘ.കെ പി,<br>കൃഷി ഓഫീസർ | ലഭ്യമല്ല | പ്രഗതി,<br>കിഴക്കുംഭാഗം,<br>പിണറായി.പി.ഒ<br>670741 |
| ശ്രീ.സരസൻ.ബി,<br>അസി.സെക്രട്ടറി | വിരമിച്ചു | നവരത്ന,<br>പിഒ പാച്ചപൊയ്ക |
| ശ്രീ.മൊയ്തു.എൻ.പി,<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ഗവ. മാപ്പിള ജെ ബി<br>സ്കൂൾ, ധർമ്മടം | മഫ്റാഹ്,<br>കിളൂർ പി ഒ,പയ്യോളി,<br>കോഴിക്കോട് |
| ഡോ.ദിൽനാഥ്,<br>മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി | കല്ലാട്ട്, സിവിൽ കോർട്ടിന്<br>സമീപം, ചേറ്റംകുന്ന്,<br>തലശ്ശേരി |
| ശ്രീ.ബിന്റി ലക്ഷ്മൺ,<br>സെക്രട്ടറി | സെക്രട്ടറി, മയ്യിൽ<br>ഗ്രാമപഞ്ചായത്ത് | കുന്നഞ്ചേരി ഹൗസ്,<br>പി ഒ ഇരിവേരി.<br>670613 |
| ശ്രീ.പി.കെ.പ്രേമൻ,<br>സെക്രട്ടറി | സെക്രട്ടറി, മാടായി<br>ഗ്രാമപഞ്ചായത്ത് | പഴയും കോട്ടത്തിൽ ഹൗസ്,<br>മുയിപ്പോത്ത് പി ഒ,<br>മേപ്പയൂർ, കോഴിക്കോട്<br>673524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 പദ്ധതി | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2001-02 പദ്ധതി | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |
| 2009-10, 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 3 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 6 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 1 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1408/2022 തീയതി 12.10.2022 | 2 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.7/ 755/2022 തീയതി.15-6-2022 | 18 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ./സി.7/ 756/2022 തീയതി.15-6-2022 | 20 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ./സി.7/ 218/2022 തീയതി.25-3-2023 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 151/2023 dated 30-06-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Dharmadam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Dharmadam Grama Panchayat for the year 2022-2023

Date: 23/12/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Dharmadam Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Amount used for asset creation using specific grant not trasferred to capital contribution and treated as revenue income.

2. The amount recouped from specific purpose fund (Other schemes) to the own fund shown as liability in B4 schedule of Balance Sheet.

3. Grant liability amount shown as liability in Balancesheet(CFC grant , distress relief fund, MGNREGS fund) does not match with Bank account opened for the specified grant account.

4. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

5. The following mandatory financial statements such as, Ratios, comparitive amounts for the preceding year, prescribed in Kerala Panchayat Raj accounting rules 2011 are not submitted for audit

6. Notes on Account not submitted for audit

7.Payment Voucher misclassification- the amount given as advance for deposit works wrongly booked as Revenue Expenditure

8. Lapses in making timely and accurate demand entries in respect of tax and non tax revenue

9. Asset register has not been updated

10. The following registers maintained are not reliable for audit

i) Advance Register

ii) Loan Register

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ധർമ്മടം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## RECEIPT & PAYMENT STATEMENT

Dharmadam Grama Panchayat
RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 21845237.00 |
| Cash | Cash | RP-40(a) | 62696.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2464940.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7500.00 |
| 140000000 | Fees & User Charges | RP-4 | 1952794.00 |
| 150000000 | Sale & Hire Charges | RP-5 | 217009.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15420000.00 |
| 171000000 | Interest Earned | RP-9 | 251503.00 |
| 190000000 | Prior Period Income | RP-11 | 62560.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 150.00 |
| 311000000 | Earmarked Funds | RP-28 | 20286.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 18694120.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16731669.00 |
| 460000000 | Loans, Advances and Deposits | RP-49 | 24000.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 12170.00 |
| 340000000 | Deposits Received | RP-33 | 422695.00 |
| 350000000 | Other Liabilities | RP-35 | 775643.00 |
| | Grand total | | 78964972.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 121026.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 173667.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16891373.00 |
| 460000000 | Loans, Advances and Deposits | RP-49 | 542458.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 157540.00 |
| 350000000 | Other Liabilities | RP-35 | 31351164.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 29727744.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 78964972.00 |

## അനുബന്ധം-3-2

## INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| Dharmadam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6628486.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |

| | | | |
|---|---|---|---|
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 7500.00 |
| 140000000 | Fee & User Charges | I-4 | 3118207.00 |
| 150000000 | Sale & Hire Charges | I-5 | 217009.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 126950154.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 251499.00 |
| 180000000 | Other Income | I-9 | 12170.00 |
| 190000000 | Prior Period Income | I-19 | -5269.00 |
| | Total Income | | 137185025.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12911406.00 |
| 220000000 | Administrative Expenses | I-11 | 1824573.00 |
| 230000000 | Operations & Maintenance | I-12 | 1492309.00 |
| 240000000 | Interest & Finance Charges | I-13 | 693.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8211706.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 28744716.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 5220549.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 13865839.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 53903600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 300055.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |

| | | | |
|---|---|---|---|
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 7626465.00 |
| | Total Expenditure | | 134101911.00 |
| | Gross Surplus / Deficit of income over Expenditure | | 3083114.00 |
| | Gross Surplus / Deficit of income over Expenditure | | 3077995.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -150.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -5119.00 |

## അനുബന്ധം-3-3

## BALANCE SHEET

| | | | |
|---|---|---|---|
| Dharmadam Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35976103.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 29383.00 |
| 312000000 | Reserves | B-3 | 30696855.00 |
| | Total Reserve & Surplus | | 66702341.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 29167243.00 |
| | Total Grants, Contributions for Specific Purposes | | 29167243.00 |
| | Loans | | |
| 330000000 | Secured Loans | B-5 | -299731.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | -299731.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1202841.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2647057.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3849898.00 |
| | TOTAL LIABILITIES | | 99419751.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 127489.00 |
| 412000000 | Capital Work in Progress | B-11(b) | 3767302.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 392896.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 7621118.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 69264630.00 |
| 416000000 | Accumulated Depreciation | B-11(a) | -31135478.00 |
| | Total Fixed Assets | | 50037957.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17146131.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 29727744.00 |
| 460000000 | Loans, Advances and Deposits | B-18 | 2507919.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 49381794.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure<br>(To the Extent not written off) | | 0.0 |
| | TOTAL ASSETS | | 99419751.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.